DWCD/466/2022-ICDSA6

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :21/02/2022
Email – icdsasection@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: വനിതാ ശിശുവികസന വകുപ്പ്- സൈക്കോ സോഷ്യൽ പദ്ധതി അഡോളസെന്റ് ക്ലബ് പുനരുജ്ജീവനം - സ്പോർട് സ് കിറ്റ് അനുവദിക്കുന്നത് - വാങ്ങൽ നടപടി- മുന്നൊരുക്കങ്ങൾ നടത്തുന്നത് - സംബന്ധിച്ച്.

സൂചന: ഈ കാര്യാലയത്തിലെ 17/01/2022 തീയതിയിലെ ICDS/A6-2495/22 നമ്പർ ഉത്തരവ്

അങ്കണവാടികളോടനുബന്ധിച്ച പ്രവർത്തിക്കുന്ന കുമാരിക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിതാശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33,115 അങ്കണവാടികൾക്കും 1000/- രൂപ വിലയുള്ള സ്പോർട് സ് കിറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് സൂചന സർക്കുലർ പ്രകാരം അറിയിച്ചിട്ടുണ്ട്. സ്പോർട് സ് കിറ്റ് വാങ്ങുന്നതിന് സർക്കാരിൽ നിന്നും തുക അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ജില്ല ഓഫീസർമാർക്ക് ഇതിലെയ്ക്കാവശ്യമായ ഫണ്ട് അനുവദിക്കുന്നതാണ്. ടി സാഹചര്യത്തിൽ സ്പോർട് സ് കിറ്റ് വാങ്ങുന്നതിലേയ്ക്ക് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുന്നതിനു ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും അങ്കണവാടികളുടെ സ്ഥല സൌകര്യത്തിന്റെ അടിസ്ഥാനത്തിൽ 1000 രൂപയുടെ (Indoor/Outdoor) സ്പോർട് സ് ഉപകരണങ്ങളാണ് വാങ്ങി നൽകേണ്ടത്.

2. Sports kitൽ ഉൾപ്പെടുത്തേണ്ട sports (Indoor/Outdoor) ഐറ്റങ്ങളുടെ വിവരം ALMC യിൽ ചർച്ചചെയ്ത് തീരുമാനിക്കണമെന്ന് പരാമർശ പ്രകാരം നിർദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ അങ്കണവാടിക്കും ആവശ്യമായിട്ടുള്ള സ്പോർട് സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയാറാക്കി സൂക്ഷിക്കേണ്ടതാണ്.

ആയതിനാൽ സ്പോർട് സ് ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയാക്കി വയ്ക്കേണ്ടതും, ഫണ്ട് അനുവദിച്ചാലുടൻ കാലതാമസം വരുത്താതെ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വനിതാ ശിശുവികസന ഡയറക്ടർ

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

എല്ലാ സൂപ്പർവൈസർമാർക്കും

<u>പകർപ്പ്</u>

1. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ/സ്പെയർ